പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2937 **29-10-2026-ൽ മറുപടിയ്ക്ക്**

കേരളത്തിലെ ദേശീയപാത വികസന പദ്ധതികളുടെ ഏകോപനത്തിനായി പ്രത്യേക നോഡൽ ഓഫീസർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ ദേശീയപാത വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കേന്ദ്ര ഉപരിതല ഗതാഗത-ദേശീയപാത മന്ത്രാലയം, ദേശീയപാത അതോറിറ്റി, സംസ്ഥാന സർക്കാർ, ബന്ധപ്പെട്ട ജില്ലാ ഭരണകൂടങ്ങൾ എന്നിവ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനുമായി പ്രത്യേക നോഡൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

മറുപടി: കേരളത്തിലെ ദേശീയപാത വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം, ദേശീയപാത അതോറിറ്റി, സംസ്ഥാന സർക്കാർ, ജില്ലാ ഭരണകൂടങ്ങൾ എന്നിവ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനുമായി 14.07.2026 തീയതിയിലെ സ.ഉ.(സാധാ) നം. 750/2026/PWD ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. അദീല അബ്ദുള്ള IAS-നെ പ്രത്യേക നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം, വിവിധ വകുപ്പുതല അനുമതികൾ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, കത്തിടപാടുകൾ എന്നിവയിൽ ദേശീയപാത അതോറിറ്റിയുമായി കാര്യക്ഷമമായ ഏകോപനം സാധ്യമാക്കുന്നതിനും, വിവിധ വകുപ്പുകളുമായും ജില്ലാ ഭരണകൂടങ്ങളുമായും ചേർന്ന് തടസ്സങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനുമായാണ് നോഡൽ ഓഫീസർക്ക് ചുമതല നൽകിയിട്ടുള്ളത്.

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, നിർമാണ പുരോഗതി, യൂട്ടിലിറ്റി മാറ്റിസ്ഥാപിക്കൽ, വിവിധ വകുപ്പുകളുടെ അനുമതികൾ എന്നിവയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം ഏകോപന സംവിധാനങ്ങളാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കേരളത്തിലെ ദേശീയപാത വികസന പദ്ധതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനായി ഏകജാലക ഏകോപന സംവിധാനം ഉൾപ്പെടെയുള്ള അധിക നടപടികൾ

സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: ദേശീയപാതകളുടെ നിർമ്മാണ പുരോഗതിയെ ബാധിക്കുന്ന വിഷയങ്ങൾ ഉചിത തലത്തിൽ, അതായത് വകുപ്പ് സെക്രട്ടറി തലത്തിലോ വകുപ്പ് മന്ത്രി തലത്തിലോ ബഹു. മുഖ്യമന്ത്രി തലത്തിലോ, ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സുമായി യോഗങ്ങൾ ചേർന്ന് പരിഹരിച്ചു വരുന്നുണ്ട്. കേരളത്തിലെ ദേശീയപാത വികസന പദ്ധതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനായി ഏകജാലക ഏകോപന സംവിധാനം പരിഗണിച്ചിട്ടില്ല.

(ഡി) ദേശീയപാത വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളും കാലതാമസവും പരിഹരിക്കുന്നതിനുമായി ഉന്നതതല അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ?

മറുപടി: സംസ്ഥാനത്തെ ദേശീയപാത നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വകുപ്പ് മന്ത്രി, പൊതുമരാമത്ത് സ്പെഷ്യൽ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ നിരന്തരം അവലോകന യോഗങ്ങളും മറ്റും നടത്തി വരുന്നുണ്ട്. ബഹു. കേന്ദ്ര ഉപരിതല ഗതാഗതവും ദേശീയപാതകളും വകുപ്പ് മന്ത്രി മുമ്പാകെ 2026 ജൂലൈ ഏഴാം തീയതി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ദേശീയപാത 66 ന്റെ നിർമ്മാണത്തിൽ പല സ്ഥലങ്ങളിലെയും പ്രവൃത്തികൾ മന്ദഗതിയിലാണെന്നും അത് വേഗത്തിലാക്കുന്നതിനായി വേണ്ട ഇടപെടലുകൾ നടത്തണമെന്നുമുള്ള ആവശ്യം പ്രധാന ഇനമായി അവതരിപ്പിച്ചിട്ടുള്ളതാണ്.

ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുള്ള അധിക പ്രവൃത്തികൾക്കായുള്ള തുടർച്ചയായ ആവശ്യങ്ങൾ, നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവ്, കരാറുകാരും കൺസെഷനയർമാരും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ എന്നിവയാണ് ദേശീയപാത 66-ലെ ചില ഭാഗങ്ങളിലെ നിർമ്മാണത്തിലെ കാലതാമസത്തിന് കാരണമായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.

ദേശീയപാത 66 ന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രിയും, പൊതുമരാമത്തു വകുപ്പ് മന്ത്രിയും വിളിച്ചു ചേർത്ത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ദേശീയപാത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് stone aggregates-ന്റെ തടസ്സമില്ലാതെയുള്ള അന്തർസംസ്ഥാന ഗതാഗതം ഉറപ്പാക്കുന്നതിന്, നിലവിലെ റെഗുലേറ്ററി ചട്ടക്കൂടിനുള്ളിൽ നിന്ന് സാധ്യമായ രീതിയിൽ ഉചിതമായ ഇളവുകളോ ഭരണപരമായ നടപടികളോ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിക്ക് അർദ്ധ ഔദ്യോഗിക കത്ത് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനത്തിനായി കാത്തിരിക്കുകയാണ്. അതോടൊപ്പം ദേശീയപാത നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി നൽകുന്ന മണ്ണെടുപ്പ്/കരിങ്കൽ ഖനനം എന്നിവയ്ക്കായുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുവാൻ വ്യവസായ വകുപ്പിനും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനായി കരാറുകാരും കൺസെഷനയർമാരും നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ഓരോ കേസിനനുസരിച്ച് വേവ്വേറെ പരിഹരിച്ചുവരുന്നതായി ദേശീയപാത അതോറിറ്റിയും അറിയിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കിക്കൊണ്ട്, പ്രോജക്ട് സംബന്ധമായ തടസ്സങ്ങൾ പരിഹരിക്കുന്നതിനും, പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനും,

ദേശീയപാത-66 വികസന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ